പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1870 19.06.2012-ൽ മറുപടിയ്ക്ക്

# ആർ. ജി. ജി. വി. വൈ.

ചോദ്യം

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പാലോട് രവി :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ആർ.ജി.ജി.വി.വൈ. പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) ആർ. ജി. ജി. വി. വൈ പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി താഴെ കൊടുത്തിരിക്കുന്നു.

| | LT സിംഗിൾ ഫേസ് ലൈൻ (KM) | LT സിംഗിൾ ഫേസ് ലൈൻ (KM) | 11 KV (KM) | ട്രാൻസ്ഫോർമർ (എണ്ണം) | BPL കണക്ഷൻ (എണ്ണം) |
|---|---|---|---|---|---|
| കാസർഗോഡ് | 98 | 14 | 33 | 38 | 2497 |
| കണ്ണൂർ | 126 | 49 | 67 | 54 | 4352 |
| കോഴിക്കോട് | 41 | 7 | 31 | 16 | 4806 |
| വയനാട് | 41 | 11 | 29 | 21 | 5160 |
| പാലക്കാട് | 7 | 3 | 18 | 2 | 9257 |
| മലപ്പുറം | 4 | 160 മീറ്റർ | 1.00 | - | 4992 |

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, എന്നീ ജില്ലകളിൽ ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം വൈദ്യുതീകരണ പ്രവൃത്തികൾ ടേൺകീ പ്രകാരമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന പല വൈദ്യുതീകരണ പ്രവൃത്തികളും പ്രോജക്റ്റ് റിപ്പോർട്ട് അംഗീകാരം നേടി. അവാർഡ് ചെയ്യുന്ന കാലയളവിനുള്ളിൽ മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിരുന്നു. പുതിയ പ്രവൃത്തികളുടെ സർവ്വേയ്ക്കും മറ്റും കൂടുതൽ സമയം വേണ്ടി വന്നു. കൂടാതെ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ സമാഹരിക്കുന്നതിനും ടേൺകീ കോൺട്രാക്ടർമാർ വേണ്ട വിധത്തിലുള്ള നടപടികൾ സ്വീകരിച്ചില്ല. പരിചയ സമ്പന്നരായ തൊഴിലാളികളുടെ അഭാവവും പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചു.

| | | | |
|---|---|---|---|
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.